ബഹുമാനപ്പെട്ട തിരുവനന്തപുരം എം.പി. ഡോ. ശശി തരൂർ സമക്ഷം.

തിരുവനന്തപുരം, പൗണ്ട്കടവ് കൈരളി നഗർ റസിഡൻസ് അസോസിയേഷൻ സമർപ്പിക്കുന്ന നിവേദനം.

സൂചന: 29.8.2017 ന് ബഹു. പ്രധാനമന്ത്രിയിൽ നിന്ന് ലഭിച്ച കത്ത് നമ്പർ MORLY/E/2017/14422.

1. ഇന്ത്യയിലെ പ്രസിദ്ധമായ വിക്രം സാരാഭായ് സ്പെയ്സ് സെന്ററിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന സ്റ്റേഷനാണ് "വേളി റെയിൽവേ സ്റ്റേഷൻ". തിരുവനന്തപുരം സെൻട്രൽ മുതൽ കൊല്ലം വരെയുള്ള യാത്രയിൽ പ്ലാറ്റ്ഫാം ഇല്ലാത്ത, മറ്റ് യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഏക സ്റ്റേഷൻ ഇതാണ്. ദിവസവും നൂറ് കണക്കിന് യാത്രക്കാർ ഈ സ്റ്റേഷനിൽ നിന്നും യാത്രചെയ്യുന്നുണ്ട്. പ്ലാറ്റ്ഫാം ഇല്ലാത്തതുകാരണം സ്ത്രീകളും കുട്ടികളും വൃദ്ധരും ഉൾപ്പെടെയുള്ള യാത്രക്കാർ ട്രെയിനിൽ തൂങ്ങി വലിഞ്ഞ് കയറുകയും ഇറങ്ങുകയും ചെയ്യുന്നതുമൂലം ധാരാളം അപകടങ്ങൾ ഉണ്ടാകാറുണ്ട്.

2. പലതവണ റെയിൽവേ അധികാരികൾക്ക് പരാതികൾ നൽകുകയും പത്രമാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ചെയ്തിട്ടും പരിഹാരം ഉണ്ടായില്ല. എന്നാൽ ഞങ്ങൾ താങ്കൾക്കു നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ ഇടപെടൽമൂലം കൊല്ലം ഭാഗത്തേക്കുള്ള പ്ലാറ്റ്ഫാം നിർമ്മാണം തുടങ്ങിയതിൽ ഞങ്ങൾക്ക് താങ്കളോടുള്ള നന്ദി അറിയിക്കട്ടെ. പ്ലാറ്റ്ഫാം നിർമ്മാണം തുടങ്ങിയെങ്കിലും അത് പൂർത്തീകരിക്കാത്ത അവസ്ഥയിൽ നിറുത്തിവച്ചിരിക്കുകയാണ്. മുകൾഭാഗത്ത് സ്ലാബ് പതിക്കാത്തതുകാരണം, മഴ സമയത്ത് വെള്ളവും ചെളിയും കാരണം യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

3. തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള പ്ലാറ്റ്ഫാം നിർമ്മാണത്തിനുള്ള ഒരു നടപടിയും റെയിൽവേ ഇതുവരെ സ്വീകരിച്ചിട്ടില്ല. യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നത് ഈ ഭാഗത്തുനിന്നും ട്രെയിനിൽ കയറുകയും ഇറങ്ങുകയും ചെയ്യുമ്പോഴാണ്. വളരെയധികം അപകടങ്ങൾ ഇതുമൂലം ഉണ്ടാകാറുണ്ട്. ഇതിനു പരിഹാരമായി ഈ ഭാഗത്തും അടിയന്തിരമായി പ്ലാറ്റ്ഫാം പണിയേണ്ടതുണ്ട്. പ്ലാറ്റ്ഫാം നിർമ്മാണത്തിനും, മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഭൂമി റെയിൽവേ ലൈനിന്റെ ഇരുവശത്തും റെയിൽവേയ്ക്ക് സ്വന്തമായിട്ടുണ്ട്. എന്നിട്ടും വേളി സ്റ്റേഷന്റെ നവീകരണത്തിന് റെയിൽവേ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല.

4. പ്ലാറ്റ്ഫാം നിർമ്മാണത്തോടൊപ്പം, റെയിൽവേ ലൈനിന്റെ ഇരുഭാഗത്തമുള്ള യാത്രക്കാർക്കും താമസക്കാർക്കും അപകടം കൂടാതെ ഇരുഭാഗത്തേയ്ക്കും കടക്കുന്നതിന് ഒരു ഫ്ളൈഓവർ അത്യാവശ്യമാണ്.

5. യാത്രക്കാരുടേയും സ്ഥലവാസികളുടേയും സുരക്ഷിതത്വവും ബുദ്ധിമുട്ടുകളും പരിഗണിച്ച് വേളി സ്റ്റേഷനിൽ താഴെപറയുന്ന നവീകരണ പ്രവർത്തനങ്ങൾ

അടിയന്തിരമായി നടത്തുന്നതിന് റെയിൽവേയോട് ആവശ്യപ്പെടണമെന്നും, അതിലേക്കാവശ്യമായ ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

1) കൊല്ലം ഭാഗത്തേക്കുള്ള പ്ലാറ്റ്ഫാം നിർമ്മാണം പൂർത്തീകരിക്കുക.
2) തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള പ്ലാറ്റ്ഫാം നിർമ്മിക്കുക.
3) യാത്രക്കാർക്കും, സ്ഥലവാസികൾക്കും ഇരുഭാഗത്തും കടക്കുന്നതിന് ഫ്ളൈഓവർ നിർമ്മിക്കുക.
4) യാത്രക്കാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. സൂചന പ്രകാരം ലഭിച്ച കത്ത് പരിഗണിച്ച് ഇക്കാര്യത്തിൽ താങ്ങളുടെ അടിയന്തിര പരിഗണന ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

സെക്രട്ടറി

Status as on 06 Oct 2017

| | |
|---|---|
| Registration Number | : MORLY/E/2017/14422 |
| Name Of Complainant | : Secretary |
| Date of Receipt | : 06 Aug 2017 |
| Received by | : Ministry of Railways, ( Railway Board) |
| Forwarded to | : Southern Railway |
| Contact Address | : Public Grievances Cell, General Managers Office<br>Southern Railway, Park Town,<br>Chennai.600003 |
| Contact Number | : 04425352830 |
| Grievance Description | : PDF file attached |
| Current Status | : CASE CLOSED |
| Date of Action | : 29 Aug 2017 |
| Details | : Veli station in coming under 'F' category of station and all facilities required for 'F' category of station are available there. As per the norms prescribed by Railway Board for 'F' category stations 'Rail Level' platform is to be provided. However Plat form No.1 is High Level Plat form. Considering the representation of the public, the provision of additional Platform (No.2) was proposed but the same was not yet sanctioned by Railway Board. After getting sanction, provision of Platform Shelter, FOB, etc will be considered depend upon the availability of fund. This can be considered under sponsorship either under MPLADS (MP's local area development scheme) or funded by State Government. |